# കിൻഫ്ര മിനി ഇൻഡസ്ട്രിയൽ പാർക്ക്, തോന്നക്കൽ

## ദർഘാസ്/ലേല പരസ്യം

**KINFRA/MIP-TNKL/AUCTION/02/2023-24** **17/02/2024**

തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ വെയിലൂർ വില്ലേജിൽ തോന്നക്കൽ എന്ന സ്ഥലത്ത് കിൻഫ്ര സ്ഥാപിക്കുന്ന മിനി ഇൻഡസ്ട്രിയൽ പാർക്കിന്റെ വികസനത്തിനുള്ള 7½ ഏക്കർ സ്ഥലത്ത് നിൽക്കുന്ന **673 മരങ്ങൾ** വില്പന ചെയ്തു മുറിച്ചു നീക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതിനാൽ കിൻഫ്രയുടെ കോമ്പൗണ്ടിൽ നിന്നും ഇവ വില്പന ചെയ്തു മുറിച്ചു നീക്കുന്നതിനുവേണ്ടി പരസ്യ ലേലം/ മുദ്രവച്ച ദർഘാസുകൾ ക്ഷണിക്കുന്നു. ഈ ദർഘാസ്/ലേലത്തിന്റെ അടിസ്ഥാന വിലയായി നിശ്ചയിക്കപെട്ടിരിക്കുന്നത് **6.82 ലക്ഷം** രൂപയാണ്.

ദർഘാസ്/ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ നിർദ്ദിഷ്ട ഫോറത്തിനായി തിരുവനന്തപുരം ശാസ്തമംഗലത്തുള്ള കിൻഫ്രയുടെ ഹെഡ് ഓഫീസിൽ **(Contact Nos: 95391 80777/ 94474 59265 / 0471 2726585) 17/02/2024** മുതൽ **27/02/2024** വരെ ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ രാവിലെ 9.30നും വൈകുന്നേരം 5.00നും ഇടയിൽ അപേക്ഷയോടൊപ്പം ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ രേഖയും മാനേജിങ് ഡയറക്ടർ, കിൻഫ്രയുടെ പേരിലുള്ള **1,610/-** രൂപയ്ക്കുള്ള ഡിമാൻഡ് ഡ്രാഫ്റ്റും (മടക്കിനൽകാത്ത തുക) നൽകി നിർദ്ദിഷ്ട ദർഘാസ് ഫോറം വാങ്ങാവുന്നതാണ്. (27/02/2024 തീയതി രാവിലെ 11.00 മണി വരെ മാത്രമേ ദർഘാസ് ഫോറം വിൽപ്പന ഉണ്ടായിരിക്കുകയുള്ളൂ).

ശരിയായി പൂരിപ്പിച്ച് മുദ്ര വച്ച ദർഘാസുകൾ **17,050/-** രൂപ നിരതദ്രവ്യത്തോടൊപ്പം (EMD) ***"The Managing Director, KINFRA"*** എന്ന മേൽവിലാസത്തിൽ **27/02/2024-ന് ഉച്ചയ്ക്ക് 1.00 മണിക്ക്** മുമ്പായി തിരുവനന്തപുരം ശാസ്തമംഗലത്തുള്ള കിൻഫ്രയുടെ ഹെഡ് ഓഫീസിൽ സൂക്ഷിച്ചിരിക്കുന്ന ടെണ്ടർ ബോക്സിൽ നിക്ഷേപിക്കേണ്ടതാണ്.

ദർഘാസ് ഫോറത്തിന്റെ വിലയും നിരതദ്രവ്യവും നാഷണലൈസ്ഡ് അഥവാ ഷെഡ്യൂൾഡ് ബാങ്ക് വഴി എടുത്ത, മാനേജിങ് ഡയറക്ടർ, കിൻഫ്രയുടെ പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ആയി വേണം സമർപ്പിക്കേണ്ടത്. നിർദ്ദിഷ്ട സമയത്തിന് ശേഷം ലഭിക്കുന്നതും മതിയായ നിരതദ്രവ്യം സമർപ്പിക്കാത്തതുമായ ദർഘാസുകൾ സ്വീകരിക്കുന്നതല്ല.

ദർഘാസ് സമർപ്പിച്ചവരെ പങ്കെടുപ്പിച്ചുകൊണ്ട് **27/02/2024-ന് ഉച്ചയ്ക്ക് 2.30 മണിക്ക്** കിൻഫ്രയുടെ ഹെഡ് ഓഫീസിൽ വച്ച് ലേലം നടത്തുന്നതാണ്. അതിനുശേഷം ടെൻഡറുകൾ തുറക്കുകയും ടെൻഡറിലോ പരസ്യ ലേലത്തിലോ ഉയർന്ന തുക രേഖപ്പെടുത്തുന്നയാൾക്ക് സ്ഥാപന മേലധികാരിക്ക് യുക്തമെന്ന് ബോധ്യപ്പെടുന്നപക്ഷവും ദർഘാസ് വ്യവസ്ഥകൾക്ക് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ തന്നെ ഏതൊരു/ എല്ലാ ദർഘാസും നിരസിക്കാനുള്ള അധികാരം കിൻഫ്രാ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. നിബന്ധനകളും വ്യവസ്ഥകളും ടെൻഡർ ഫോറത്തിൽ അടങ്ങിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും വിശദീകരണങ്ങൾക്കുമായി ഈ നമ്പറിൽ ബന്ധപ്പെടുക: 95391 80777 / 9447459265.

കരാറുകാരൻ കരാർ ജോലികൾ 15 ദിവസത്തിനുള്ളിൽ പൂർണ്ണമായും പൂർത്തിയാക്കേണ്ടതാണ്.

ഒപ്പ്
മാനേജിംഗ് ഡയറക്ടർ
കിൻഫ്ര